**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 72** **16-09-2025 - ൽ മറുപടിയ്ക്ക്**

**നോർക്ക റൂട്ട്സ് വഴി വിദേശ തൊഴിലവസരങ്ങൾ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശത്ത് തൊഴിൽ തേടുന്നവർക്ക് അനുഗുണമായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സ് വഴി 2016 മുതൽ ഇന്നുവരെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | നോർക്ക റൂട്ട്സ് വഴി 2016 മുതൽ നാളിതുവരെ 3659 പേർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | വിദേശ രാജ്യങ്ങളിൽ മികച്ച തൊഴിൽ കിട്ടുന്നതിന് പരിശീലനം നേടുന്നവർക്ക് സബ്സിഡി വ്യവസ്ഥയിൽ സഹായം ലഭ്യമാക്കുന്ന 'ശുഭയാത്രാ' പദ്ധതി കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | വിദേശ രാജ്യങ്ങളിലേക്ക് ജോലി തേടി പോകുന്നവർക്ക് യാത്രാ ചെലവുകൾ കണ്ടെത്തുന്നതിനും ജോലി ലഭിക്കുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം നേടുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് നോർക്ക ശുഭയാത്ര. ഈ പദ്ധതിയിലൂടെ യോഗ്യരായ അപേക്ഷകർക്ക് ധനകാര്യ സ്ഥാപനങ്ങൾ മുഖേന പലിശ ഇളവോടെ 2 ലക്ഷം രൂപ വരെ വായ്പാ സഹായം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നിലവിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>ശുഭയാത്രാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ